**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 674** — **23-02-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാന്റേർഡ്സ് ലബോറട്ടറിയിലും റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറിയിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | NABL norms പ്രകാരം Accreditation renewal and maintenance ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി NABL പുതുക്കേണ്ട റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തി വരുന്നുണ്ട്. NABL Accreditation നിലനിർത്തുന്നതിന് വേണ്ടി വകുപ്പിൽ നിന്നും യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | വകുപ്പിന്റെ ഐ.ടി. ഇൻഫ്രാസ്ട്രക്ചറിന്റെ നവീകരണം, സുരക്ഷാ സോഫ്റ്റ് വെയർ നവീകരണം, ഇലക്ട്രിക്കൽ ഡ്രോയിംഗ് പരിശോധിക്കുന്നതിനായി ഓട്ടോകാഡ് സോഫ്റ്റ് വെയർ വാങ്ങൽ എന്നിവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | വകുപ്പിന്റെ ഐ.ടി ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ 131 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 2021-22 സാമ്പത്തിക വർഷത്തിൽ 44 ലാപ് ടോപ്പ് കമ്പ്യൂട്ടറുകളും പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. വകുപ്പിന്റെ കീഴിലുള്ള മറ്റു ഓഫീസുകളിൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന "SURAKSHA” സോഫ്റ്റ് വെയർ കാലോചിതമായി നവീകരിക്കേണ്ടതുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്/സിനിമ ഓപ്പറേറ്റർ പരീക്ഷാ ബോർഡ് സോഫ്റ്റ് വെയറിനു വേണ്ടി പുതിയതായി വർക്ക് ഓർഡർ നൽകിയിട്ടുള്ള സ്റ്റാർട്ട് അപ്പ് കമ്പനിയോട്, സുരക്ഷാ സോഫ്റ്റ് വെയറിന്റെ ഇപ്പോഴത്തെ സ്ഥിതിയെ കുറിച്ച് പഠനം നടത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ, സ്റ്റാർട്ട് അപ്പ് മിഷന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സോഫ്റ്റ് വെയർ നവീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്. നവീകരിക്കുന്ന സോഫ്റ്റ് വെയറിൽ ഡ്രോയിംഗ് അപ്രൂവൽ ഓൺലൈനായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോകാഡ് സോഫ്റ്റ് വെയർ ഇന്റഗ്രേറ്റ് ചെയ്യുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ